**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1279** **15-10-2026-ൽ മറുപടിയ്ക്ക്**

**നടക്കാവ് പട്ടികജാതി ഉന്നതിയിലെ കുടുംബങ്ങളുടെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സന്ദീപ് വാര്യർ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഹോസ്ദുർഗ് താലൂക്ക് വടക്കേ തൃക്കരിപ്പൂർ വില്ലേജിൽ നടക്കാവ് പട്ടികജാതി ഉന്നതിയിലെ ഇരുപതോളം കുടുംബങ്ങൾക്ക് കൈവശാവകാശം തെളിയിക്കുന്നതിന് പട്ടയരേഖകളോ പകർപ്പോ ആധാരങ്ങളോ ഇല്ലാത്തതിനാൽ ക്രയവിക്രയത്തിന് ബാങ്കുകളിൽ നിന്നോ ധനകാര്യസ്ഥാപനങ്ങളിൽ നിന്നോ വായ്പ എടുക്കാനാകാത്ത സാഹചര്യമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** നികുതി അടച്ച് കൈവശം വച്ച് അനുഭവിക്കുന്ന ഭൂമിക്ക് പട്ടയരേഖകളോ പകർപ്പോ കൈവശമില്ലാത്തതിനാൽ പ്രതിസന്ധിയിലായ പ്രസ്തുത കുടുംബങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**മറുപടി:** വടക്കെ തൃക്കരിപ്പൂർ വില്ലേജിലെ നടക്കാവ് ഉന്നതിയിലെ 18 ഭൂമി പതിവ് അപേക്ഷകളിൽ 14 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുള്ളതും ബാക്കി 4 അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**